# KERALA KALAKENDRAM

**Regd in 1982, Affiliated to Kerala Sangeetha Nataka Akademi, Govt. of Kerala**
**27/1819, VANCHIYOOR, TRIVANDRUM 695 035, KERALA, Cel: 98950 70030, 83019 90030**
E mail: kalakendramtvm@gmail.com anandakumarkktvm@gmail.com

**PATRONS:**
K.K. VENUGOPAL (Attorney General of India) P.K. KUNHALIKUTTY MP (Former Minister for Industries & IT)
M.P. VEERENDRA KUMAR MP (Former Union Minister of State for Finance & Labour)
Dr. K. KASTHURIRANGAN (Former Chairman, ISRO) Dr. VINOD THOMAS (Former Director General, World Bank, USA)

## KERALA KALAKENDRAM
## EXCELLENCE AWARD, GOLDEN HONOUR AWARD
## 2019 ലെ കേരള കലാകേന്ദ്രം എക്സലൻസ് അവാർഡ്, ഗോൾഡൻ ഓണർ അവാർഡ്

വിവിധ മേഖലകളിൽ ശ്രദ്ധേയവും വിജയകരവുമായ പ്രവർത്തനം കാഴ്ചവച്ച വ്യക്തികളെ ആദരിക്കുന്നതിനായി കേരള കലാകേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ള വിവിധ അവാർഡുകൾക്ക് അർഹരായവർ:

### എക്സലൻസ് അവാർഡ് 2019

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള (മുൻ പാർലമെൻറ് അംഗം)

മുൻ പ്രസിഡന്റ്, കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റി

### ഗോൾഡൻ ഓണർ അവാർഡ് 2019

ശ്രീ. പ്രേംജിത്ത് മീത്തലേ പൊയിൽ

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ബിൻ ഹംറൂർ ഗ്രൂപ്പ്, യു.എ.ഇ

ശ്രീ. കരുണാകരൻ വടക്കേപ്പാട്ട്

ജോയിന്റ് മാനേജിംഗ് ഡയറക്ടർ, വീൽസ് ഇ.എം.ഐ, പൂന

### Shri. THENNALA BALAKRISHNA PILLAI, Former President, KPCC

തികഞ്ഞ ഗാന്ധിയനായ പൊതുപ്രവർത്തകൻ, രാഷ്ട്രീയ നേതാവ്, നിയമസഭാ സാമാജികൻ, പാർലമെൻറ് അംഗം എന്നീ നിലകളിൽ കേരളീയ സമൂഹത്തിലെ നിറസാന്നിദ്ധ്യമാണ് തെന്നല ബാലകൃഷ്ണപിള്ള.
ശൂരനാട് പുലിക്കുളം വാർഡ് കോൺഗ്രസ് പ്രസിഡന്റായി പൊതുപ്രവർത്തനം ആരംഭിച്ചു. തുടർന്ന് ശൂരനാട് മണ്ഡലം പ്രസിഡന്റ്, കുന്നത്തൂർ ബ്ളോക്ക് പ്രസിഡന്റ്, ജില്ലാ കോൺഗ്രസ് പ്രസിഡന്റ്, കെ.പി.സി.സി ജനറൽ സെക്രട്ടറി, പ്രസിഡന്റ് അങ്ങിനെ പടിപടിയായി ഉയർന്ന് വന്ന നേതാവാണ് അദ്ദേഹം. 2 തവണ നിയമസഭാംഗവും 3 തവണ രാജ്യസഭാംഗവുമായി. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായിരുന്നു. അയ്യപ്പ സേവാ സംഘം തുടങ്ങി നിരവധി സാമൂഹ്യ സാംസ്ക്കാരിക സംഘടനകളുടെ ചുമതല വഹിക്കുന്ന അദ്ദേഹം സജീവവും സാർത്ഥകവുമായ പൊതുപ്രവർത്തനത്തിനുടമയാണ്.

### Mr. PREMJITH MEETHALE POYIL, Managing Director, Ginco Group of Companies, Sharjah.

കോഴിക്കോട് സ്വദേശി. ഫിനാൻഷ്യർ മാനേജ്മെന്റിലും പബ്ലിക് റിലേഷൻസിലും ഡിപ്ലോമയും മാർക്കറ്റിംഗിൽ എംബിഎ യും നേടി. ഇന്ത്യയിൽ വിവിധ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് തസ്ഥികകളിൽ ജോലി ചെയ്തു. യു.എ.ഇ യിലെത്തി ബിസ്നസ്സ് ആരംഭിച്ചു. ദുബായ് യിലെ Force Nine Security & Surveillance Services, Force Nine Technical Services, Sarhan Interior Design, Novascope IT Solutions,

കോഴിക്കോട് കൃപ അഡ്വർടൈസേഴ്സ്, വി.എസ്. സ്ക്വയർ എഞ്ചിനിയേഴ്സ്, ബിസ്നസ്സ് വിഷൻ എന്നിവയടങ്ങിയ ബിൻ ഹംറൂർ ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമാണ്. തുടക്കമിട്ടതും ഏറ്റെടുത്തതുമായ ബിസ്നസ് സ്ഥാപനങ്ങളെ തൊഴിലാളികളെ ഒപ്പം നിർത്തി, അസാധാരണ പാടവത്തോടെ വളർത്തിയെടുത്ത ബിസിനസ്സുകാരനും മാനേജ്മെന്റ് വിദഗ്ധനുമാണ് പ്രേംജിത്ത് മീത്തലേ പൊയിൽ.

KARUNAKARAN VADAKKEPAT, Joint Mannaging Director, Wheels EMI, Pune.
ചെറുതുരുത്തി സ്വദേശി. പഠനകാലത്ത് പാലക്കാട് വിക്ടോറിയ കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയായിരുന്നു. ബർലിനിൽ നിന്നും മാനേജ്മെന്റിൽ പി.ജി. ഡിപ്ലോമ നേടി. ഉഷാ ഇന്റർനാഷണൽ, ബജാജ് ഓട്ടോ, ട്രാൻസ്അമേരിക്ക, ഐ.സി.ഐ. സി.ഐ ബാങ്ക്, ബജാജ് ഓട്ടോ ഫിനാൻസ് എന്നിവയിൽ വിവിധ ഘട്ടങ്ങളിലായി ഉയർന്ന തസ്ഥികകളിൽ പ്രവർത്തിച്ചു.
മൂന്ന് സുഹൃത്തുക്കളുമായിച്ചേർന്ന് വീൽസ് ഇ.എം.ഐ എന്ന ടൂവീലർ ഫിനാൻസ് സ്ഥാപനം ആരംഭിച്ചു. 4 ബ്രാഞ്ചുകളിലായി 12 തൊഴിലാളികളുമായി തുടങ്ങിയ സ്ഥാപനം ഇന്ന് അര ഡസനോളം സംസ്ഥാനങ്ങളിലെ 56 ബ്രാഞ്ചുകളിലായി 800 ലധികം പേർക്ക് തൊഴിൽ നൽകുന്നു. പ്രവർത്തിച്ച രംഗങ്ങളിലെല്ലാം മികവ് തെളിയിച്ച, വീൽസ് ഇ.എം.ഐ എന്ന സ്ഥാപനത്തെ ഇന്ത്യയിലെ പ്രമുഖ ടൂ വീലർ ധനകാര്യ സ്ഥാപനമാക്കി വളർത്തിയെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചയാളാണ് കരുണാകരൻ വടക്കേപ്പാട്ട്.

---

ശില്പവും, പൊന്നാടയും, കീർത്തിപത്രവും അടങ്ങുന്നതാണ് പുരസ്ക്കാരങ്ങൾ.

ഫെബ്രുവരി 18 ചൊവ്വാഴ്ച, വൈകിട്ട് 4.00 ന് തിരുവനന്തപുരം പ്രസ് ക്ലബ് ടി. എൻ.ജി ഹാളിൽ നടക്കുന്ന ചടങ്ങിൽ വച്ച് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അവാർഡ് സമർപ്പണം നടത്തും. പ്രധാനമന്ത്രിയുടെ മുൻ ഉപദേഷ്ടാവ് ടി.കെ.എ. നായർ അദ്ധ്യക്ഷത വഹിക്കും. സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി അനുഗ്രഹ പ്രഭാഷണവും മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ, കേരള സംഗീത നാടക അക്കാദമി മുൻ സെക്രട്ടറി കെ. ആനന്ദകുമാർ എന്നിവർ ആശംസാ പ്രസംഗവും നടത്തും.

കേരള കലാകേന്ദ്രത്തിന്റെ 38-ാമത് വാർഷികവും ഇരുപതാമത് അവാർഡ് സമർപ്പണവുമാണ് നടക്കുന്നത്.

സെക്രട്ടറി